**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1147** **30-06-2022 - ൽ മറുപടിയ്ക്ക്**

**ജവഹർ ബാലഭവനുകളുടെ ബൈലോ ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ജവഹർ ബാലഭവനുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലായി അഞ്ച് ബാലഭവനുകൾ പ്രവർത്തിക്കുന്നു. നാല് വയസിനും പതിനാല് വയസിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് അവരുടെ അഭിരുചിക്ക് ഇണങ്ങും വിധം വിവിധ പാഠ്യേതര വിഷയങ്ങളിൽ പരിചയവും താത്പര്യവും ആഭിമുഖ്യവും വളർത്തി അവരെ ശാരീരികവും മാനസികവും ബൗദ്ധികവുമായി പ്രാപ്തരാക്കുക-യെന്നതാണ് ബാലഭവനുകളുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. ഇതിനായി കുട്ടികളുടെ സൃഷ്ടിപരവും കലാകരകൗശലപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് പരിശീലനം നൽകുന്നതോടൊപ്പം നാടകം, സംഗീതം, നൃത്തം, ശാസ്ത്രം, സാഹിത്യം, എന്നിവയിൽ ക്ലാസുകൾ നൽകി വരുന്നു. കൂടാതെ വീട്ടിനുള്ളിൽ ഏർപ്പെടാവുന്ന ലഘുവിനോദങ്ങൾ പരിചയപ്പെടുത്തുക, വീടിനു പുറത്തുള്ള കായികവിനോദങ്ങളിൽ പരിശീലനം നൽകുക എന്നിവയും ലക്ഷ്യമിടുന്നുണ്ട് . |
| (ബി) | ജവഹർ ബാലഭവനുകളുടെ ബൈലോ ഏകീകരണം സംബന്ധിച്ച് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായിയുള്ള കമ്മറ്റി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജവഹർ ബാലഭവനുകളുടെ ബൈലോ ഏകീകരണം സംബന്ധിച്ച കമ്മിറ്റി തയ്യാറാക്കിയ ഏകീകൃത ബൈലോയുടെ കരട് സർക്കാർ പരിശോധിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ